ഭരണഭാഷ മാതൃഭാഷ
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
KERALA STATE BIODIVERSITY BOARD
A statutory and autonomous body, Government of Kerala

28.01.2026

## 2026 ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ബി.എം.സി. പുനർരൂപീകരണം സംബന്ധിച്ച കുറിപ്പ്

സൂചന:- 07.01.2026 ലെ സി 3/324/2025/ കെ.എസ്.ബി.ബി. നമ്പർ കത്ത്.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2025 ഡിസംബറിൽ പുതിയ ഭരണസമിതികൾ നിലവിൽ വന്നതിനെ തുടർന്ന് ജൈവവൈവിധ്യ പരിപാലന സമിതികൾ പുനർരൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സൂചിത കത്തിലൂടെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബോർഡിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിട്ടുള്ളതിൻ പ്രകാരം താഴെപ്പറയുന്ന ഘടനയിൽ ബി.എം.സി. പുനർരൂപീകരിക്കേണ്ടതാണ്.

**ബി.എം.സി. യുടെ ഘടന :**

- ആകെ അംഗങ്ങൾ (ചെയർപേഴ്സണും സെക്രട്ടറിയും ഉൾപ്പെടെ) : **11 പേർ**
- ചെയർപേഴ്സൺ : തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ.
- മെമ്പർ സെക്രട്ടറി : തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി
- മറ്റംഗങ്ങൾ - തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതി നോമിനേറ്റ് ചെയ്യുന്ന 9 അംഗങ്ങൾ.
- നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരംഗം ഉണ്ടാകണം. വനിതാ പ്രാതിനിധ്യം 50 ശതമാനം വരെ ആകാവുന്നതാണ്.
- നോമിനേറ്റ് ചെയ്യുന്ന അംഗങ്ങളിൽ നിന്നും ഒരാളെ കൺവീനറായി തെരഞ്ഞെടുക്കേണ്ടതാണ്.
- നോമിനേറ്റ് ചെയ്യപ്പെടുന്നവർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ താമസിക്കുന്നവരും വോട്ടർപട്ടികയിൽ പേരുള്ളവരുമായിരിക്കണം.
- പരമ്പരാഗത അറിവുടമകൾ*, കർഷകർ, തടി ഇതര വനവിഭവങ്ങൾ ശേഖരിക്കുവർ/വിൽപ്പനക്കാർ, മത്സ്യബന്ധന ജീവനക്കാർ, ജൈവവൈവിധ്യം ഉപയോഗിക്കുവരുടെ സംഘടനകളിലെ അംഗങ്ങൾ, സാമൂഹിക സേവകർ,

അദ്ധ്യാപകർ, ഗവേഷകർ, ബി.എം.സി. പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ കഴിയുമെന്ന വിശ്വാസമുള്ള ഏതെങ്കിലും സന്നദ്ധസംഘടനയിലെ വ്യക്തികൾ/ സർവ്വീസിലുള്ളതോ വിരമിച്ചതോ ആയ സർക്കാർ–അർദ്ധസർക്കാർ ഉദ്യോഗസ്ഥർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരെയാണ് ബി.എം.സി. അംഗങ്ങളായി ഭരണസമിതി തെരഞ്ഞെടുക്കേണ്ടത്.

**(നാട്ടുവൈദ്യന്മാർ/ പാരമ്പര്യ വൈദ്യന്മാർ, കൃഷി, ആദിവാസി വിഭാഗങ്ങൾ, മത്സ്യബന്ധനം, തടിയേതര വനവിഭവങ്ങൾ, വിവിധ ആവാസവ്യവസ്ഥകൾ എന്നിവയുമായി ബന്ധപ്പെട്ട പരമ്പരാഗത അറിവുടമകൾ എന്നിവരുൾപ്പെടുന്നു).*

മേൽപ്പറഞ്ഞ ഘടനയിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബി.എം.സി. കൾ അടിയന്തരമായി പുനർരൂപീകരിച്ച്, സൂചിത കത്തിലെ നിർദ്ദിഷ്ട മാതൃകയിൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

**മെമ്പർ സെക്രട്ടറി**